**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3326** **25-10-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിൽ കിഫ്ബി പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതി വഴി നടപ്പാക്കുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി മേൽപ്പാലത്തിന്റെയും കുറുപ്പന്തറ മേൽപ്പാലത്തിന്റെയും അവയിലേക്കുള്ള അപ്രോച്ച് റോഡുകളുടെയും സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (എ) | കടുതുരുത്തി റെയിൽ മേൽപ്പാല നിർമ്മാണത്തിനായി വൈക്കം താലൂക്കിലെ മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിലായി 53.80 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി RBDCK 02.11.2019-ൽ റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ LARR Act 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 06.12.2019-ലെ സ.ഉ.(സാധാ) നം. 3663/2019/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ റെയിൽവേയിൽ നിന്നുള്ള അലൈൻ മെന്റ് ഹൈനലൈസ് ചെയ്ത് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ സംയുക്ത പരിശോധന റിപ്പോർട്ട് പൊന്നും വില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ (കിഫ്ബി)യിൽ നിന്നും ലഭ്യമായിട്ടില്ലാത്തതാണ്. സംയുക്ത പരിശോധന പൂർത്തിയാക്കുകയും, അർത്ഥനാധികാരി കണ്ടിൻജൻസി ചാർജ് അടവു വരുത്തുകയും ചെയ്യുന്ന മുറയ്ക്ക് LARR Act, 2013 പ്രകാരമുള്ള നിയമാനുസൃത നടപടികൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.<br>കുറുപ്പന്തറ റെയിൽവെ മേൽപ്പാല നിർമ്മാണത്തിനായി വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽപ്പെട്ട സ്ഥലം ഏറ്റെടുക്കുന്നതിന് 20-10-2018 -ൽ ലഭിച്ചിട്ടുള്ള അർത്ഥനയുടെ അടിസ്ഥാനത്തിൽ 04-05-2019-ലെ സ.ഉ (സാധാ) നം 1069/2019/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമെടുപ്പ് നടപടിയിലെ 11(1) വിജ്ഞാപനം 16.07.2020-ലെ കേരള അസാധാരണ ഗസറ്റ് 1700 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അലൈൻമെന്റിൽ സ്ഥലമെടുപ്പ് മൂലം നഷ്ടപ്പെടുന്ന നിർമ്മിതികൾ വളരെയധികം ഉള്ളതാണ്. യഥാസമയം ആർ & ആർ പാക്കേജ് അംഗീകരിച്ച് |

| | | | |
|---|---|---|---|
| | | | ഫണ്ട് ലഭ്യമാക്കി 16.07.2021 ന് മുമ്പ് പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് സാധിക്കാത്തതിനാൽ 18.06.2021-ലെ സ.ഉ.(അച്ചടി) 74/2021/ആർ.ഡി (25.06.2021-ലെ അസാധാരണ ഗസറ്റ് നമ്പർ 1870) പ്രകാരം സമയപരിധി 16.07.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതാണ്. Structural Valuation അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് LAO ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആർ & ആർ പാക്കേജ് അംഗീകരിക്കുന്നതിന് 22.10.2021-ന് ഹിയറിംഗ് നിശ്ചയിച്ചിട്ടുള്ളതുമാണ് എൽ.എ.ആർ.ആർ ചട്ടം 4(6) പ്രകാരം സ്ഥലമെടുപ്പിനായുള്ള നഷ്ടപരിഹാര തുക മുഴുവൻ അർത്ഥനാധികാരി ലാന്റ് അക്വിസിഷൻ ഓഫീസറുടെ ശീർഷകത്തിൽ കെട്ടി വെച്ചാൽ മാത്രമെ 19(1) പ്രഖ്യപനം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുകയുള്ളു. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ